പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 693

04 .11.2016-ൽ
മറുപടിയ്ക്ക്

## ഭൂവിനിയോഗ ക്രമത്തിൽ മാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.അബ്ദുൽ ഹമീദ് പി. | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തിന്റെ നിലവിലെ ഭൂവിനിയോഗ ക്രമത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഭൂവിനിയോഗത്തിൽ മാറ്റം വരുത്തുന്നതിന് അനുമതി നൽകുവാൻ 1967-ലെ കേരള ലാൻഡ് യൂട്ടിലൈസേഷൻ ഉത്തരവ് പ്രകാരം കളക്ടർമാർക്ക് (ജില്ലാ കളക്ടർ, ആർ. ഡി. ഒ) അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) വയലേലകളുൾപ്പെടെയുള്ള കൃഷിഭൂമി തരിശിട്ട് രൂപമാറ്റം വരുത്താനുള്ള ശ്രമങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) നെൽവയലുകൾ തരിശിടുന്നത് രൂപ മാറ്റത്തിന് കാരണമാകുമെന്നതിനാൽ ടി പ്രവണത തടയുന്നതിനുള്ള നടപടികൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് ക്ലോസ്സ് 7-ലും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 15, 16 എന്നിവയിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) തരിശു ഭൂമികൾ പൊതുവിനിയോഗത്തിന് ഏറ്റെടുക്കുന്നതിനുള്ള പദ്ധതിയെന്തെങ്കിലും പരിഗണനയിലുണ്ടോ? | (സി) തരിശിട്ടിരിക്കുന്ന നെൽവയലുകൾ പ്രാദേശികതല നിരീക്ഷണ സമിതി മുഖേന കൃഷി ചെയ്യിക്കുന്നതിനുള്ള വ്യവസ്ഥകൾ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 15, 16 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. നെൽവയലുകൾ പൊതു ആവശ്യത്തിനായി ഉപയോഗിക്കുന്നതിന് പ്രാദേശികതല സമിതിയുടെ ശുപാർശ സംസ്ഥാനതല സമിതി പരിശോധിക്കുകയും, സംസ്ഥാനതല സമിതി സർക്കാരിന് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ